# ഉപജില്ലാ സമിതി സിറ്റിംഗ് - 18-08-2023

18-08-2023 ന് രാവിലെ 10.30ന് പയ്യന്നൂർ താലൂക്ക് ഓഫീസിലെ പി എ യു ഓഫീസിൽ വെച്ച് ചേർന്ന ഉപജില്ലാ സമിതി 1ന്റെ യോഗത്തിൽ പങ്കെടുത്തവരും യോഗതീരുമാനങ്ങളും.

1. അനിൽ കെ എൻ, ഐ വി ഒ/എ ഡി, എൽ എസ് ജി ഡി
2. നിഥിൻകുമാർ എസ്, ഡപ്യൂട്ടി ടൌൺ പ്ലാനർ, എൽ എസ് ജി ഡി,
3. ബിജു പി വി, എ എക്സ് ഇ, എൽഎസ്ജിഡി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ഉപജില്ലാ സമിതി യോഗം 10.30ന് ആരംഭിച്ചു. യോഗത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ അനീഷ് കെ ജോയി കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി നൽകിയ അപേക്ഷയിൽ 04-08-2023ന് ചേർന്ന ഉപജില്ലാ സമിതി തീരുമാനം നടപ്പിലാക്കിയതിന്റെ പുരോഗതി സമിതി പരി-ശോധിച്ചു. യോഗത്തിൽ ശ്രീ അനീഷ് കെ ജോയിയെ പ്രതിനിധീകരിച്ച് മാനേജർ ശ്രീ ജ്യോബിഷ് ഹാജരായി. 04-08-2023 ലെ സമിതി തീരുമാനപ്രകാരം കെട്ടിടക്രമവൽകരണത്തിനായി ചെറുപുഴ ഗ്രാമ പഞ്ചായത്ത് മുമ്പാകെ സമർപ്പിക്കാൻ നിർദ്ദേശിച്ച റിപ്പോർട്ടുകളും സർട്ടിഫിക്കറ്റുകളും പ്ലാനുകളും തയ്യാറായി വരുന്നുണ്ടെന്നും ആയത് സമർപ്പിക്കുന്നതിന് കുറച്ചു കൂടി സമയം ആവ-ശ്യമാണെന്നും മാനേജർ ശ്രീ ജ്യോബിഷ് സമിതി മുമ്പാകെ അറിയിച്ചു. മേൽക്കാര്യം പരിഗണിച്ച ഉപജില്ലാ സമിതി, സമിതിയുടെ അടുത്ത സിറ്റിംഗിന് മുന്നേ ആവശ്യപ്പെട്ട എല്ലാ രേഖകളും ലഭ്യ-മാക്കണമെന്ന് നിർദ്ദേശിച്ചു. രേഖകൾ ലഭ്യമാകുന്ന മുറക്ക് അവയുടെ പരിശോധന നടത്തുന്നതിനും പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാനും ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി റീന ചെറുവാട്ടിൽ നൽകിയ അപേക്ഷയിൽ സർട്ടിഫിക്കറ്റ് നൽകിയില്ല എന്നത് സമിതി പരിശോധിച്ചു. ശ്രീമതി റീന ചെറുവാട്ടിലിന്റെ ലൈസൻസ് സർട്ടിഫിക്കറ്റ് അടിയന്തിരമായി നൽകുന്നതിന് ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

രാമന്തളി ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി വനജ കെ ടി വി നൽകിയ അപേക്ഷയിൽ സർട്ടിഫിക്കറ്റ് നൽകിയില്ല എന്നത് സമിതി പരിശോധിച്ചു. ശ്രീമതി വനജ കെ ടി വി യുടെ ലൈസൻസ് സർട്ടിഫിക്കറ്റ് അടിയന്തിരമായി നൽകുന്നതിന് ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

അനിൽ കെ എൻ

കൺവീനർ

ഉപജില്ലാ സമിതി 1 കണ്ണൂർ